# മിത്രക്കരി സെൻ്റ് സേവ്യേഴ്സ് ഹൈസ്കൂൾ

# തൂലിക





**SCHOOL CODE**

46068





# മിത്രക്കരി

## സെന്റ് സേവ്യേഴ്സ് ഹൈസ്കൂൾ





റവന്യൂ ജില്ല

ആലപ്പുഴ

വിദ്യാഭ്യാസ ജില്ല

കുട്ടനാട്

ഉപജില്ല

തലവടി

പ്രധാനഅധ്യാപിക

ഷീന പോൾ

പിടിഎ പ്രസിഡണ്ട്

പ്രദീപ് കുമാർ ആർ

## പ്രാർത്ഥന

മിത്രക്കരി തൻ ആത്മ ചൈതന്യമേ
ഫ്രാൻസിസ് സേവ്യർ പുണ്യവാളാ
അങ്ങേതാം നാമത്തിൽ നിലകൊള്ളുന്നൊരീ
കൊച്ചു വിദ്യാലയം കാത്തിടണെ.
ഇവിടുത്തെ പിഞ്ചോമൽ
പൈതങ്ങൾക്കെന്നും നീ
മാർഗദർശനമായിടണേ
അറിവിന്റെ കൈത്തിരി
ഞങ്ങൾക്കായ് തെളിയിക്കും
ഗുരുഭൂതർക്കെന്നും നീ തുണയാകണേ.





അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം
മെത്രാപ്പോലീത്ത

## രക്ഷാധികാരി



സാഹിത്യ രചന ദിവ്യമായ അനുഭവമാണ് എന്ന് ഞാൻ മനസ്സിലാക്കുന്നു. കുട്ടികളായ നിങ്ങളുടെ നിഷ്കളങ്ക മനസ്സിന്റെ പ്രതിഫലനമാണ് നിങ്ങളുടെ തൂലികയിൽ വിരിയുന്ന ഓരോ സൃഷ്ടിയും. ആരും ജനിക്കുമ്പോഴേ പ്രശസ്തരായ സാഹിത്യകാരന്മാരോ കവികളോ അല്ല. പിന്നെയോ തങ്ങളിൽ അന്തർലീനമായിരിക്കുന്ന സാഹിത്യ വാസനയെ മുതിർന്നവരുടെയും അധ്യാപകരുടെയും സഹായത്തോടെയും നല്ല പ്രയത്നത്തോടെയും തേച്ചുമിനുക്കി , മൂർച്ച കൂട്ടിയെടുത്ത് മനുഷ്യമനസ്സുകളെ രൂപാന്തര പ്പെടുത്താൻ പോരുന്ന സാഹിത്യകാരന്മാരും കവികളും ഒക്കെ ആയി തീരുകയാണ് ചെയ്യുന്നത്. നിങ്ങളുടെ ഈ രചനാ വൈഭവം വളർന്ന് പടർന്നു പന്തലിച്ച സത്യവും നീതിയും ധർമനിഷ്ഠയും ഉള്ള മനുഷ്യരെ വാർത്തെടുക്കാൻ ഉപയുക്തമാകട്ടെ എന്ന് ആശംസിക്കുന്നു. അനുഗ്രഹിക്കുന്നു. പ്രാർത്ഥിക്കുന്നു .നിങ്ങളെ ഓരോരുത്തരെയും നിങ്ങളെ നയിക്കുന്ന അധ്യാപകരെയും അനുമോദനങ്ങൾ അറിയിക്കുന്നു.

Fr.Manoj Karukayil
Corporate Manager
Changanacherry



മിത്രക്കരി സെൻറ് സേവ്യേഴ്സ് ഹൈസ്ക്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ പരിശ്രമഫലമായി ഉയർന്നുവന്ന ഈ ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ മനസ്സുകളിൽ മറഞ്ഞിരിക്കുന്ന കലാവാസനകളെ പരിപോഷിപ്പിക്കുന്നതിന് വളരെയധികം പങ്കുവഹിച്ചിട്ടുണ്ട് ഇങ്ങനെ ഒരു ഡിജിറ്റൽ മാഗസിനു രൂപം നൽകിയ, ഇതിനായി പരിശ്രമിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു. ഗുണനിലവാരം ഉള്ളതും ആകർഷകവുമായ കലാസൃഷ്ടികൾ തുടർന്നും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

*Rev. Fr. Damianos Kochery*
*Local Manager*





പുസ്തകത്താളുകളിൽ നിന്നും ലഭിക്കുന്ന അറിവ് മാത്രമല്ല വിദ്യാഭ്യാസം കൊണ്ട് അർത്ഥമാക്കുന്നത്. പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും അവരുടെ പങ്കാളിത്തം ആവശ്യകമാണ്. മിത്രക്കരി സെൻറ് സേവ്യേഴ്സ് ഹൈസ്ക്കൂളിലെ കുട്ടികളുടെ സർഗ്ഗവാസനകൾ ഇതളുകളായി തീർന്ന് ഒരു പൂക്കളമായി മാറി. പല വർണ്ണങ്ങളിലുള്ള പൂക്കൾ ഒരുമിച്ച് ചേർന്നപ്പോൾ അത് വർണമനോഹരമായ ഒരു പൂക്കളമായി തീർന്നിരിക്കുന്നു. ഈ ഡിജിറ്റൽ മാഗസിന്റെ നിർമ്മാണപ്രക്രിയകളിൽ പങ്കാളികളായ എല്ലാവർക്കും എന്റെ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

*Mrs. Sheena Paul*

ഹെഡ്മിസ്ട്രസ്



വർണപൂക്കളാൽ നിറഞ്ഞുനിൽക്കുന്ന ഒരു പുഷ്പവാടിയാണ് ഈ ഡിജിറ്റൽ മാഗസിൻ. ഇതിനുള്ളിൽ പല വർണങ്ങൾ പലരീതിയിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. വർണ്ണങ്ങൾ വ്യത്യസ്തമായ രീതിയിൽ ആവിഷ്കരിച്ചപ്പോൾ സുന്ദരമായ ഒരു  മാസികമായി ഇതു മാറി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ഇതിനുള്ളിൽ സർഗ്ഗസൃഷ്ടികൾ ആവിഷ്കരിച്ച എല്ലാ കുട്ടികൾക്കും നന്ദിയും ഭാവുകങ്ങളും നേരുന്നു. ആശംസകൾ നേരുന്നു.



സ്നേഹത്തോടെ,
സീനിയർ അസിസ്റ്റന്റ്
മീറ സിസി

# എഡിറ്റോറിയൽ

കല ദൈവിക ദാനമാണ് ഈ ദൈവിക ദാനത്തെ കണ്ടെത്താനും പ്രചോദനമേകി വളർത്താനും അവസരങ്ങൾ ഉണ്ടാകുമ്പോൾ കലയുടെ കാന്തിക ശക്തി വർദ്ധിക്കുകയും കാന്തിയോടെ കലാകാരൻ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു മനുഷ്യന്റെ സൃഷ്ടിയുടെ മുകളിൽ ദൈവത്തിന്റെ വിരൽ ചലിക്കുമ്പോഴാണ് അത് മനോഹരമാകുന്നത്.കുട്ടികളിൽ വിരിഞ്ഞു തുടങ്ങുന്ന കലാഹൃദയത്തിന്റെ ബഹിർസ്പുരണമാണ് കുട്ടികൾ ആവിഷ്കരിച്ചിരിക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ. ദൈവാനുഗ്രഹത്തിന്റെ കുളിർ പൊയ്കയിൽ വിരിഞ്ഞ് നറുമണം പരത്തേണ്ട പൂമൊട്ടുകൾ ആണല്ലോ നമ്മുടെ കുട്ടികൾ.കുട്ടികളിലെ സർഗ്ഗാത്മകവാസന ഉണർത്താനും ദൈവാശ്രയത്വത്തിന്റെയും കൃപയുടെയും തുറമുഖത്തേക്ക് അവരെ എത്തിച്ച് സമൂഹത്തിന് നന്മയായി മാറാനും ഈ ഡിജിറ്റൽ മാഗസിൻ സഹായകമാകട്ടെ എന്ന് പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

സി.സിൻസി ജോസഫ്





# എഡിറ്റോറിയൽ ബോർഡ്



വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും കൽപ്പടവുകൾ ചവിട്ടിക്കയറുമ്പോൾ അവിടേക്ക് അല്പം സുഗന്ധം പകരാൻ വിടരുന്ന പൂമൊട്ടുകൾ ആയ ഞങ്ങൾ ഞങ്ങളുടെ കഴിവുകൾ, അറിവുകൾ നിങ്ങൾക്കു മുമ്പിൽ സമർപ്പിക്കുന്നു. കുട്ടികളായ ഞങ്ങൾക്ക് അറിവിന്റെ പാതയിൽ സുഗന്ധം പരത്താൻ  ഈ കലാസൃഷ്ടികൾ സഹായിക്കുമെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. ഇതിനുപിന്നിൽ പ്രവർത്തിച്ച ഞങ്ങളുടെ എല്ലാ ക്രൂട്ടുകാർക്കും ഒപ്പം ഉപദേശങ്ങളിലൂടെ പ്രോത്സാഹനത്തിലൂടെ  ഞങ്ങളെ നയിച്ച എല്ലാ പ്രിയപ്പെട്ട അധ്യാപകർക്കും ഞങ്ങളുടെ എല്ലാവിധ നന്ദിയും സ്നേഹവും അറിയിക്കുന്നു.

# EDITORIAL BOARD

CHIEF EDITOR : SR.SINCY JOSEPH (LK MISTRESS)

EDITORS : SIJO ABRAHAM ( LK MASTER )

ROBIN RAJU (JOINT SITC)

STUDENT EDITORS: AISWARYA LAL

AVANI PRAMOD

RIYA BENNY

ALONA MARY

ADWAITH S

ALBIN P JOSEPH

# ഇതളുകൾ വിരിയുമ്പോൾ


| Sl.No. | Title | Page No. |
|---|---|---|
| 1 | ഡയമണ്ട് ജൂബിലി ആഘോഷിക്കുന്ന സെന്റ് സേവ്യേഴ്സ് ഹൈസ്കൂൾ | 12 |
| 2 | ഐതിഹ്യമുറങ്ങുന്ന മിത്രക്കരി | 14 |
| 3 | Jewel Of St.Xaviers | 16 |
| 4 | വായനയുടെ പ്രാധാന്യം | 17 |
| 5 | Dad (Poem) | 18 |
| 6 | കർഷക പ്രതിഭ<br>അർജ്ജുൻ അശോക് | 20 |
| 7 | Pollution | 22 |
| 8 | Friends(poem) | 24 |
| 9 | Truth is Beauty (poem) | 25 |
| 10 | Environment | 28 |
| 11 | എത്ര സുന്ദരംഎന്റെ മലയാളം( കവിത) | 29 |
| 12 | പുസ്തകാസ്വാദനം | 30 |
| 13 | എന്റെ ഗ്രാമം( കവിത) | 31 |
| 14 | സ്വാതന്ത്ര്യം<br>എന്ന അമൃതം (കഥ) | 32 |
| 15 | ഓർമക്കുറിപ്പ് | 33 |
| 16 | മൊബൈൽ ഫോൺ<br>ഇന്നത്തെ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ | 35 |
| 17 | Memories (poem) | 36 |
| 18 | മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഇന്നിന്റെ ആവശ്യം | 37 |
| 19 | വസുന്ധര( കവിത) | 39 |
| 20 | പുഴയുടെ നാദം( കവിത) | 40 |
| 21 | Mathematics in Nature | 42 |
| 22 | ഫൈവ് .സീറോ | 44 |




പുരോഗതി എത്തിനോക്കിയിട്ടില്ലാതിരുന്ന കുട്ടനാടൻ ഗ്രാമ സമൂഹങ്ങളിൽ ഒന്നായ മിത്രക്കരിയുടെ 75 വർഷങ്ങൾ മുൻപുള്ള ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായിരുന്നു സെൻ്റ് സേവ്യേഴ്സ് മിഡിൽ സ്കൂളിന്റെ ഉത്ഭവം. വയലുകളുടെ മധ്യത്തിൽ സ്ഥിതി ചെയ്യുന്ന ഗ്രാമത്തിലെ കർഷകരുടെയും കർഷക തൊഴിലാളികളുടെയും കച്ചവടക്കാരുടെയും മക്കൾക്ക് കയ്യെത്തുന്ന ദൂരത്ത് ഒരു വിദ്യാലയം. പുണ്യ ചരിതനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ നാമധേയം വഹിക്കുന്ന പരിപാവനമായ ദൈവാലയമാണ് ശൗര്യാർ പുണ്യവാളന്റെ പൈതൃകത്തിലും പരിലാളനയിലും ഉത്തരോത്തരം വളർന്നുവരുന്ന ഈ സ്കൂളിന് കളം ഒരുക്കിയത് എന്നുള്ളത് ഒരു ചരിത്ര സത്യം തന്നെയാണ് .വിദ്യാഭ്യാസത്തിന് സമൂഹത്തിൽ വരുത്താൻ സാധിക്കുന്ന മാറ്റത്തെക്കുറിച്ച് അവഗാഹം ഉണ്ടായിരുന്ന അന്നത്തെ പള്ളി വികാരി ആയ ബഹുമാനപ്പെട്ട ഫിലിപ്പ് ഒളശയിൽ അച്ചൻ 1948 ൽ കർമലീത്ത സന്യാസ സമൂഹത്തിന്റെ നേതൃത്വത്തിൽ ഒരു വിദ്യാലയം സ്ഥാപിക്കാൻ ആഗ്രഹിച്ചു .അഭിവന്ദ്യ ജയിംസ് കാളാശ്ശേരി പിതാവിന്റെയും കർമ്മലീത്താ മഠാധികാരികളുടെയും ഇടവക ജനങ്ങളുടെയും അനുമതിയോടെ

1949 ജൂണിൽ 35
പെൺകുട്ടികളുമായി പള്ളി വക
കെട്ടിടത്തിൽ സെൻറ്
സേവ്യേഴ്സ് മിഡിൽ സ്ക്കൂൾ
പ്രവർത്തനം ആരംഭിച്ചു.
പുളിങ്കുന്ന് മഠത്തിലെ റവ.സിസ്റ്റർ
അനൻസിയ ആലഞ്ചേരി
ആയിരുന്നു ആദ്യത്തെ
ഹെഡ്മിസ്ട്രസ്. കുട്ടനാടിന്റെ
നാനാഭാഗങ്ങളിൽ നിന്നും
ധാരാളം കുട്ടികൾ ഇവിടെ
പഠിക്കുവാൻ എത്തിയിരുന്നു .
1964 ഇത് ഗേൾസ് ഹൈസ്ക്കൂൾ
ആയി ഉയർത്തപ്പെട്ടു. റവ.ഫാദർ
ജോസഫ് കൈതപ്പറമ്പിൽ
ആയിരുന്നു അന്നത്തെ സ്ക്കൂൾ
മാനേജർ. സി.ത്രേസ്യാമ്മ
സെബാസ്റ്റ്യൻ ആയിരുന്നു
ആദ്യത്തെ ഹൈസ്ക്കൂൾ
ഹെഡ്മിസ്ട്രസ് .
1964 ജൂൺ മാസത്തിൽ
ഹൈസ്ക്കൂൾ
പ്രവർത്തനമാരംഭിച്ചു. പുണ്യ
ശ്ലോകനായ അഭിവന്ദ്യമാർ മാത്യു
കാവുകാട്ടു പിതാവായിരുന്നു
വെഞ്ചരിപ്പും ഉദ്ഘാടനവും
നിർവഹിച്ചത് .അന്നത്തെ
കോർപ്പറേറ്റ് മാനേജർ
റവ.ഫാ.ആന്റണി മൈലാടിയിൽ
ആയിരുന്നു. നാനാജാതി
മതസ്ഥരായ കർഷകർ , കർഷക
തൊഴിലാളികൾ എന്നിവരെല്ലാം
ഈ സ്ക്കൂളിന്റെ കെട്ടിട
നിർമ്മാണത്തിൽ പങ്കെടുത്ത്
സ്ക്കൂളിന്റെ നിർമ്മാണ
പ്രവർത്തനങ്ങൾക്ക് നേതൃത്വം
നൽകി. 1967ൽ ആണ്
എസ്.എസ് .എൽ.സിയുടെ
ആദ്യ ബാച്ച്പരീക്ഷ എഴുതിയത്.
നല്ല വിജയം കരസ്ഥമാക്കുകയും
ചെയ്തു.പ്രഗൽഭരായഅനേകം
മഹത് വ്യക്തിത്വങ്ങൾ ഈ
വിദ്യാലയത്തിൽ
ഹെഡ്മാസ്റ്റർമാരായും
ഹെഡ്മിസ്ട്രസ്മാരായും
സേവനമനുഷ്ഠിച്ചത് നന്ദിയോടെ
ഓർക്കുന്നു.ഈ വിദ്യാലയത്തിന്റെ
സർവ്വതോൻമുഖമായ വളർച്ചയ്ക്ക്
പിന്നിൽ ബഹുമാനപ്പെട്ട
മാനേജർമാരുടെയും കർമ്മലീത്താ
മഠത്തിലെ ബഹുമാനപ്പെട്ട
സന്യാസിനികളുടെയും പള്ളി
കൈക്കാരന്മാരുടെയും ഇടവക
പ്രതിനിധികളുടെയും നല്ലവരായ
നാട്ടുകാരുടെയും സേവനങ്ങൾ
ഉണ്ട്. അക്ഷര പൂജയിലൂടെ
വെളിച്ചത്തിലേക്ക് കുട്ടികളെ
നയിക്കുവാൻ ദൈവം ഒരുക്കിയ
കരങ്ങളെ ഓർത്ത് നന്ദി മാത്രമേ
പറയാനുള്ളൂ.നീണ്ട 75
സംവത്സരങ്ങളുടെ ചരിത്രം
പേറുന്ന ഈ വിദ്യാലയ മാതാവ്
കോരിച്ചൊരിഞ്ഞ ജ്ഞാനാമൃതം
നുകർന്ന് ജീവിത സരണിയിൽ
എത്രയെത്ര അരുമ
സന്താനങ്ങൾ ശിരസ്സുയർത്തി
നിൽക്കുന്നു. വിശുദ്ധ ഫ്രാൻസിസ്
സേവ്യറിന്റെ നാമധേയത്തിൽ
പരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ
സംരക്ഷണം ഉള്ള ഈ
വിദ്യാലയാംബയ്ക്ക് തന്റെ
സൽപേരും യശസ്സും
യുഗങ്ങളോളം നിലനിർത്തുവാൻ
ഭാഗ്യം കൈവരട്ടെ.

# ഐതിഹ്യമുറങ്ങുന്ന മിത്രക്കരി

മനോഹരിയായ മണിമലയാറിന്റെ മണിമുറ്റത്ത് 1950 ൽ മുട്ടാർ പഞ്ചായത്ത് രൂപം കൊണ്ടു. അന്ന് മുട്ടാർ ഗ്രാമം കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിതാലൂക്കിൽ ഉൾപ്പെട്ടിരുന്നതിനാൽ പൂവം, ഊയിക്കാട് പ്രദേശങ്ങൾ മുട്ടാർ പഞ്ചായത്തിന്റെ പരിധിയിലായിരുന്നു. പിന്നീട് കുട്ടനാട് താലൂക്ക് രൂപീകൃതമായപ്പോൾ മുട്ടാർ കുട്ടനാട് താലൂക്കിൽ ഉൾപ്പെട്ടു. ഈ പഞ്ചായത്തിന്റെ കിഴക്ക് ഭാഗം മണിമലയാറും വടക്കും പടിഞ്ഞാറും രാമങ്കരി പഞ്ചായത്തും തെക്ക് തലവടി പഞ്ചായത്തും ആണ്.

## സ്ഥലനാമചരിത്രം

മുട്ടാറിന്റെ ചരിത്ര പശ്ചാത്തലത്തിലേയ്ക്ക് കടന്നാൽ ഒന്നാം നൂറ്റാണ്ട് മുതൽ കുട്ടനാട്ടിൽ 64 ഗ്രാമങ്ങൾ ഉണ്ടായിരുന്നതായും അതിൽ മുട്ടാർ എന്ന ഭൂവിഭാഗം ഉൾപ്പെട്ടിരുന്നതായും കാണുന്നു. 2000 വർഷം പഴക്കമുള്ള ഈ ഭൂവിഭാഗത്താണ് ഖാണ്ഡവദഹനം നടന്നതെന്ന ഐതിഹ്യം നിലവിലുണ്ട്. പഴമക്കാർ പരമ്പരയായി പറഞ്ഞുപോരുന്ന പല ഐതിഹ്യ കഥകളും ഈ ഗ്രാമത്തെക്കുറിച്ചുണ്ട്. തുകലഷശ്ശേരി ഒരു ഘോരവനമായിരുന്ന കാലത്ത് അവിടെ മനുഷ്യമാംസം ഭക്ഷിക്കുന്ന തുകലാസലുരൻ എന്നൊരാൾ ജീവിച്ചിരുന്നു. ജനങ്ങളെ അയാളിൽനിന്നും രക്ഷിക്കാൻ മഹാവിഷ്ണു ഒരു ബ്രാഹ്മണനായി അവതരിക്കുകയും തുകലാസുരന്റെ അവയവങ്ങൾ വെട്ടിമാറ്റി നാലുപാടും എറിയുകയും അദ്ദേഹത്തിന്റെ കാൽമുട്ട് വീണ സ്ഥലം മുട്ടാറായി മാറിയെ ന്നും ഒരു ഐതിഹ്യം നിലനിൽക്കുന്നു. അക്കാലത്ത് പ്രബലരായിരുന്ന കുന്നുതറ കൈമളും കാഞ്ഞിരക്കാട്ട് കൈമളും തമ്മിൽ നിലത്തെ സംബന്ധിച്ച് തർക്കം മൂത്തപ്പോൾ കാഞ്ഞിരക്കാട്ട് കൈമളും സംഘവും ചേർന്ന് മണിമലയാറിന് മുട്ടിട്ട് നദിയുടെ ഗതി ഒറ്റരാത്രികൊണ്ട് മാറ്റിവിട്ടു. നദിയിൽ മുട്ടിട്ടതിനാലാണ് പിൽക്കാലത്ത് മുട്ടാർ എന്നപേര് വന്നത് എന്നിങ്ങനെ ധാരാളം ഐതിഹ്യങ്ങൾ നിലനിൽക്കുന്നു. പുരാതനകാലത്ത് മിത്രക്കരി ഒരു ഘോരവനമായിരുന്നു. സമീപപ്രദേശത്തെ കുറച്ച് മിത്രങ്ങൾ വന്ന് അവ തീയിട്ടു നശിപ്പിച്ചു. തത്ഫലമായി ഉണ്ടായ കരിയിൽ നിന്ന് മിത്രങ്ങളായുള്ളവരാൽ പടുത്തുയർത്തപ്പെട്ട പ്രദേശത്തെ മിത്രക്കരി എന്ന് പേരിട്ടുവിളിച്ചുവെന്നും മിത്രൻ എന്ന ഗ്രാമാധിപന്റെ പ്രദേശമായതിനാൽ മിത്രക്കരി എന്ന് പേരുണ്ടായി എന്നും പറയപ്പെടുന്നു.

## പരമ്പരാഗത കരകൗശലനിർമ്മാണം

കുലതൊഴിലായ
മൺപാത്രനിർമ്മാണ വ്യവസായം
വളരെ വിജയകരമായി
മിത്രക്കരിയിൽ
മിത്രക്കരിയിൽ
പ്രവർത്തിച്ചിരുന്നു. അന്ന്
ഒരുപറ്റം വേളാൻമാർ
ചട്ടിനിർമ്മാണവുമായി
ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ
ഏർപ്പെട്ടിരുന്നു.
പഴയകാലങ്ങളിൽ പായും
പനമ്പും കുട്ടയും വട്ടിയും
മുറവും ഒറ്റാലും നിർമ്മിച്ചിരുന്നു.

## ജൈവവൈവിധ്യം

അരനൂറ്റാണ്ട് മുമ്പുവരെ
എല്ലാവീടുകളിലും ധാരാളം
വളർത്തുമൃഗങ്ങൾ
ഉണ്ടായിരുന്നു. എന്നാൽ
മൃഗങ്ങളെ
സംരക്ഷിക്കുന്നതിനുള്ള
സ്ഥലത്തിന്റെ
അപര്യാപ്തതമൂലം ആൾക്കാർ
അത് ഉപേക്ഷിച്ച് കൂട്ടത്തോടെ
താറാവിനെ വളത്തുവാൻ
തുടങ്ങി. തത്ത, മാടത്ത, പ്രാവ്
എന്നിങ്ങനെയുള്ള പക്ഷികളെ
കൗതുകത്തിനായി വളർത്തുന്നു.
കൃഷി ഇറക്കുന്ന സമയങ്ങളിൽ
ധാരാളം കൊക്കുകൾ
പാടവരമ്പത്തിരിക്കുന്നത്
നയനമനോഹരമായ ഒരു
കാഴ്ചയാണ്.

ASWINI CHANDRAN
9A

## JEWEL OF ST XAVIERS



ഹായ് ക്രൂട്ടുകാരെ എന്റെ പേര് സീന സണ്ണി. ജ്യൂവെൽ ഓഫ് സെന്റ് സേവ്യേഴ്സ് എന്ന് അംഗീകാരം എനിക്ക് ലഭിക്കുകയുണ്ടായി. ഏതൊരു കുട്ടിയെ സംബന്ധിച്ചടത്തോളം വളരെ സന്തോഷമാണ് എനിക്ക് ഉണ്ടായത്. എന്നെ ഞാനാക്കി മാറ്റിയത് എന്റെ സ്ക്രൂളാണ്. സ്റ്റേജിൽ കയറി രണ്ട് വാക്ക് പറയാൻ പറ്റാത്ത എന്നെ ഇന്ന് ഇങ്ങനെയാക്കി മാറ്റിയത് എന്റെ അധ്യാപകരാണ്. ഒരു കുട്ടിയെ സംബന്ധിച്ച് അവന്റെ വീടാണ് സ്ക്രൂൾ . അതുപോലെ തന്നെയാണ് എനിക്ക് എന്റെ സ്ക്രൂളും. എന്റെ പഠനമേഖലയിലും കലാകായിക മേഖലയിലും എനിക്ക് നേട്ടങ്ങൾ ലഭിക്കുകയുണ്ടായി. അതിനു കാരണം അധ്യാപകരും മാതാപിതാക്കളും ആണ്. എന്നെ നേർ വഴി കാണിക്കാൻ എന്റെ ക്ലാസ്സ് ടീച്ചർ ആയ മേബിൾ ടീച്ചർ എന്റെ ക്രൂടെ ഉണ്ടായിരുന്നു. എല്ലാ ടീച്ചേഴ്സും ഒപ്പം നിന്നു. ഇങ്ങനെയൊരു അവസരം എനിക്ക് തന്ന ദൈവത്തിനും എന്റെ അധ്യാപകർക്കും ഒത്തിരി നന്ദി....

# വായനയുടെ പ്രാധാന്യം



പണ്ടുകാലത്ത് പുസ്തകങ്ങൾ ആയിരുന്നു എല്ലാവരുടെയും ഏറ്റവും നല്ല സുഹൃത്ത്.പുസ്തകങ്ങൾ ചങ്ങാതിമാരായിരുന്ന ആ കാലത്ത് എല്ലാവർക്കും അറിവുകൾ ഒരു വാതിലായി മാറി. പുസ്തകങ്ങളിലൂടെ അറിവിലേക്കും അറിവിൽ നിന്ന് ഉയർച്ചയിലേക്ക് ഉള്ള പടവുകൾ അവർ കയറിയിരുന്നു. എന്നാൽ ഇന്നോ ഇന്ന് പുസ്തകങ്ങളെഎല്ലാവരും മറന്നു .എന്തായിരിക്കും കാരണങ്ങൾ? ഇന്ന് നമ്മുടെ ഇടയിൽ പുസ്തകം വായിക്കുന്നവർ ഏഴ് ശതമാനം മാത്രമായി മാറിയിരിക്കുന്നു .എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു ? ഇതിന് ഒരു ഉത്തരമേയുള്ളൂ ഒന്നിനും ആർക്കും സമയമില്ല. മൊബൈൽ ഫോണുകളും കമ്പ്യൂട്ടറുകളും ഇന്ന് മനുഷ്യനെ നിയന്ത്രിച്ചു കൊണ്ടിരിക്കുന്നു.

വായിച്ചാൽ വളരും വായിച്ചില്ലെങ്കിലും വളരും. വായിച്ചുവളർന്നാൽ വിളയും. വായിക്കാതെ വളർന്നാൽ വളയും.കുഞ്ഞുണ്ണി മാഷിന്റെ വരികൾ ആണിത്. കുട്ടികൾക്ക് സമ്മാനമായി ഫോണും ടാബും ഒക്കെ കൊടുക്കുന്ന കാലഘട്ടത്തിൽ ആണ് നാം. പുസ്തകങ്ങളോട് കുട്ടികൾക്ക് യാതൊരു താല്പര്യവുമില്ല. കുട്ടികൾക്ക് നല്ല പുസ്തകങ്ങൾ സമ്മാനമായി കൊടുക്കുന്നതിനും അത് വായിക്കുന്നതിനായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവരാകണം നാം. ഇതിലൂടെ കുട്ടികളിൽ നാം അറിവിന്റെ വിത്തുകൾ ആണ് പാകി കൊടുക്കുക. അത് തുടർ വായനയിലൂടെ മരമായി മാറുന്നു. എന്നാൽ ഭാഗ്യമെന്ന് പറയട്ടെ ഇക്കാലഘട്ടത്തിൽ മാതാപിതാക്കൾക്ക് അതിൽ അല്പം പോലും ശ്രദ്ധയില്ല. പ്രിയപ്പെട്ട മാതാപിതാക്കളെ നിങ്ങളുടെ കുട്ടികളെ നിങ്ങൾ തന്നെ നശിപ്പിക്കുന്നു. കുട്ടികളെ വിരൽത്തുമ്പിൽ റിമോട്ട് ചലിപ്പിക്കുന്ന ഒരു യന്ത്രം മാത്രം ആക്കി തീർക്കുന്നു നിങ്ങൾ. പുറംലോകവുമായി യാതൊരുവിധത്തിലുള്ള ബന്ധവും ഇല്ലാത്തവരായി കുട്ടികൾ വളരുന്നു. വായനാദിനം എന്നൊന്ന് ഉണ്ടെന്നു പോലും കുട്ടികൾക്ക് അറിയില്ല. കുട്ടികളും മുതിർന്നവരും വീട് എന്ന ചെറിയ ലോകത്തിൽ ഒതുങ്ങി ജീവിക്കുന്നു ഇത് മനുഷ്യമനസിന്റെ നന്മയെ കുറയ്ക്കുന്നു മനുഷ്യ ജീവിതത്തെ തന്നെ ഇരുട്ടിലേക്ക് തള്ളിവിടുന്നു ആയതിനാൽ വായനയുടെ പ്രാധാന്യം മനസ്സിലാക്കുന്നവരായി വായനയുടെ ലോകത്തേക്ക് വളരുന്നവരായി നമുക്കുമാറാം.

ആദിൽ ഫ്രാൻസിസ്
8B

# DAD

Nobody is like my father
You always know how to make me
Happy by doing little things for me
A dad is someone who wants to –
Keep me from making mistakes
But let me find my way,
Even through his hearts in
Silence when I get hurt

He always hold me when I cry
Scolds me, break the rules,
Shines with pride when I succeed
And has faith in me, even when
Fail to succeed anything

He's always with me in
Every situation in my life
He can understand my feelings
You showed the world to me
You taught me to face the failures,

You taught me to try to be successful
You taught me to stand steady in life
You taught me tobe brain in every situation
You showed me the way to success
Dad you are my HERO!

ASWINI ANIL
10B

# പരിസ്ഥിതി ദിനാഘോഷം

## വൃക്ഷത്തൈനടീൽ











**പരിസ്ഥിതിയെ സംരക്ഷിക്കൂ
മരങ്ങൾ വച്ചു
പിടിപ്പിക്കൂ**



# കർഷക പ്രതിഭ

# അർജ്ജുൻ അശോക്.




## Kuttanad boy tames floods to win laurels in farming

Sam Paul A.
ALAPPUZHA

Fifteen-year-old Arjun Ashok from Mithrakary in Kuttanad recently achieved a remarkable feat by winning the Agriculture department's award for best student farmer (school boys) in the State. What made the achievement all the more sweet was that he scripted the success story after battling challenges posed by recurring floods.

Arjun was drawn to farming at a very young age. "I learned the first steps of farming from my mother. A MGNREGS worker, she identified my penchant for agriculture and encouraged me. I began cultivating vegetables on my own at the age of 10. When COVID-19 forced schools to shut down, I used most of my free time to better understand agriculture and expanded cultivation," says Arjun, a Class X student at St. Xavier's High School, Mithrakary, for whom schooling and farming are equally significant.

Today, he cultivates a wide variety of veggies and flowers on around 50 cent of land, which includes his family plot and adjacent land owned by his relatives and neighbours, mostly applying biopesticides and compost produced from kitchen and animal waste, water hyacinth and so on. Besides, he is raising goats, rabbits, chickens and silkie.

Young achiever: Arjun Ashok with rabbits at his farm at Mithrakary in Kuttanad, Alappuzha.

**Undeterred by setbacks**

His obsession with agriculture saw him prevail over even the most crippling setbacks. Arjun, a couple of months ago, cultivated veggies and marigolds with an eye on Onam. The heavy downpours and floods that hit Kuttanad in July destroyed his many plants.

"It is not the first time floods affected farming. I suffered losses but it only strengthened my resolve. After the floods, I started again and cultivated spinach, okra, brinjal, long beans and bitter gourd," says Arjun.

He is cultivating some veggies in grow bags. On an experimental basis, marigolds are being grown in grow bags on a wooden platform to prevent them from getting flooded. He mostly sells produce at the weekly farmers' market of the local Krishi Bhavan. The proceeds from the sales are deposited in his bank account.

"Arjun farms almost single-handedly, without applying chemical pesticides," says Lekshmi R. Krishnan, agricultural officer, Krishi Bhavan, Muttar.

He is supported by his mother, Sobha Ashok, and father, Ashok Kumar.

ഹായ് കൂട്ടുകാരെ എന്റെ പേര് അർജ്ജുൻ അശോക്. എനിക്കാണ് ഏറ്റവും മികച്ച വിദ്യാർത്ഥി കർഷക പ്രതിഭ അവാർഡ് ലഭിച്ചത്. വെള്ളക്കെട്ടുകൾ ചുറ്റപ്പെട്ട കുട്ടനാട്ടിലാണ് എന്റെ വീട്. കുട്ടനാട്ടിലെ പ്രധാന കൃഷി നെൽകൃഷിയാണ്. ഞാൻ അഞ്ചാം ക്ലാസ് മുതലാണ് സ്ഥിരമായി കൃഷിയിലേക്ക് ഇറങ്ങിയത്. ആദ്യം അമ്മയോടൊപ്പം കൃഷി നടന്നു പഠിച്ചു. പിന്നീട് സ്വന്തമായി ചെയ്യാൻ തുടങ്ങി കൂട്ടത്തിൽ തെറ്റുകൾ തിരുത്തി തരാൻ കൃഷിയിലെ എല്ലാ ഓഫീസർമാരും ഉണ്ടായിരുന്നു. സെന്റ് സേവിയേഴ്സ് ഹൈസ്കൂളിലാണ് ഞാൻ പഠിക്കുന്നത്. സ്കൂളിലെ പ്രഥമ അധ്യാപികയായ ഷീന ടീച്ചറും ക്ലാസ് ടീച്ചർ ആയ മേബിൾ ടീച്ചറും എന്നും കൂടെയുണ്ട്. ഒരു കുട്ടി രാവിലെയും വൈകുന്നേരവും അരമണിക്കൂർ മാറ്റി വെച്ചാൽ നമ്മുടെ വീട്ടിലേക്ക് വിഷമില്ലാത്ത പച്ചക്കറികൾ നമുക്ക് കഴിക്കാൻ സാധിക്കും. ഇതിലൂടെ പൈസ ലാഭം മാത്രമല്ല നാം കാണുന്നത്. നമ്മുടെ അസുഖങ്ങൾ കുറയുന്നതും കൂടിയാണ്. ഇതിലൂടെ എനിക്ക് ഒരു വരുമാനമാർഗ്ഗവും ലഭിക്കാൻ തുടങ്ങി എന്റെ സ്കൂൾ ഫീസുകൾ ഇതിലൂടെ അടഞ്ഞു പോയിരുന്നു. ഒരു കുട്ടിക്ക് അവനു വേണ്ട കാര്യങ്ങൾ ചെയ്യാൻ കൃഷിയിലൂടെ സ്വന്തമായി വരുമാനം നേടാം. വിഷമില്ലാത്ത പച്ചക്കറികൾ കഴിച്ച് ക്യാൻസർ പോലുള്ള രോഗങ്ങളെ നമുക്ക് അതിജീവിക്കാം

## ഉജ്ജ്വല ബാല്യം പുരസ്കാരം
## മന്ത്രി വീണാ ജോർജ്ജ് പ്രഖ്യാപിച്ചു

തിരുവനന്തപുരം: വ്യത്യസ്ത മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ വനിത ശിശു വികസന വകുപ്പ് നൽകുന്ന 'ഉജ്ജ്വല ബാല്യം പുരസ്കാരം ' ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്ജ് പ്രഖ്യാപിച്ചു. കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം, പരിസ്ഥിതി സംരക്ഷണം, ഐ.ടിമേഖല, കൃഷി, മാലിന്യ സംസ്കരണം, ജീവകാരുണ്യ പ്രവർത്തനം, ക്രാഫ്റ്റ്, ശിൽപനിർമ്മാണം, ധീരത എന്നീ മേഖലകളിൽ മികവ് തെളിയിച്ചവരെയാണ് അവാർഡിന് പരിഗണിക്കുന്നത്.
കുട്ടികളെ 6 വയസ് മുതൽ 11 വയസ് വരെ, 12 വയസ് മുതൽ 18 വയസ് വരെ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തിരിച്ച് പൊതുവിഭാഗത്തിനും, ഭിന്നശേഷി വിഭാഗത്തിനും, പ്രത്യേകം പ്രത്യേകം അവാർഡുകൾ നൽകുന്നു.
ഓരോ ജില്ലയിൽ നിന്നും ഈ വിഭാഗത്തിൽപ്പെട്ട ആകെ 4 കുട്ടികളെയാണ് അവാർഡിന് പരിഗണിക്കുന്നത്. 25,000 രൂപയും പ്രശസ്തിപത്രവും, ഫലകവും അടങ്ങുന്നതാണ് അവാർഡ്.
ജില്ലാതലത്തിൽ ജില്ലാ കലക്ടർ അധ്യക്ഷനായുള്ള കമ്മിറ്റിയാണ് പുരസ്കാര ജേതാക്കളെ തിരഞ്ഞെടുക്കുന്നത്.
2023നവംബർ 14ന് സംസ്ഥാന ശിശുദിനാഘോഷ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചചടങ്ങിൽ, ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ്ജ് പുരസ്ക്കാരങ്ങൾ വിതരണം ചെയ്തു.



അവാർഡ് ജേതാവ്
അർജ്ജുൻ അശോകൻ



# Pollution

Pollution is a term which even kids are aware of these days. It has become so common that almost everyone acknowledges the fact that pollution is rising continuously. The term 'pollution' means the manifestation of any unsolicited foreign substance in something. When we talk about pollution on earth, we refer to the contamination that is happening of the natural resources by various pollutants. All this is mainly caused by human activities which harm the environment in ways more than one. Therefore, an urgent need has arisen to tackle this issue straightaway. That is to say, pollution is damaging our earth severely and we need to realize its effects and prevent this damage. In this essay on pollution, we will see what are the effects of pollution and how to reduce it.

## Effects of Pollution

Pollution affects the quality of life more than one can imagine. It works in mysterious ways, sometimes which cannot be seen by the naked eye. However, it is very much present in the environment. For instance, you might not be able to see the natural gases present in the air, but they are still there. Similarly, the pollutants which are messing up the air and increasing the levels of carbon dioxide is very dangerous for humans. Increased level of carbon dioxide will lead to global warming.

Further, the water is polluted in the name of industrial development, religious practices and more will cause a shortage of drinking water. Without water, human life is not possible. Moreover, the way waste is dumped on the land eventually ends up in the soil and turns toxic. If land pollution keeps on happening at this rate, we won't have fertile soil to grow our crops on. Therefore, serious measures must be taken to reduce pollution to the core.

## Types of Pollution

Air Pollution
Water Pollution
Soil Pollution

## How to Reduce Pollution?

After learning the harmful effects of pollution, one must get on the task of preventing or reducing pollution as soon as possible. To reduce air pollution, people should take public transport or carpool to reduce vehicular smoke. While it may be hard, avoiding firecrackers at festivals and celebrations can also cut down on air and noise pollution. Above all, we must adopt the habit of recycling. All the used plastic ends up in the oceans and land, which pollutes them.

So, remember to not dispose of them off after use, rather reuse them as long as you can. We must also encourage everyone to plant more trees which will absorb the harmful gases and make the air cleaner. When talking on a bigger level, the government must limit the usage of fertilizers to maintain the soil's fertility. In addition, industries must be banned from dumping their waste into oceans and rivers, causing water pollution.

## What are the effects of pollution?

Pollution essentially affects the quality of human life. It degrades almost everything from the water we drink to the air we breathe. It damages the natural resources needed for a healthy life.

## How can one reduce pollution?

We must take individual steps to reduce pollution. People should decompose their waster mindfully, they should plant more trees. Further, one must always recycle what they can and make the earth greener.

To sum it up, all types of pollution is hazardous and comes with grave consequences. Everyone must take a step towards change ranging from individuals to the industries. As tackling this problem calls for a joint effort, so we must join hands now. Moreover, the innocent lives of animals are being lost because of such human activities. So, all of us must take a stand and become a voice for the unheard in order to make this earth pollution-free

JOSNA MARY JOJAN
9 B

# Friends

Friends are forever
They are just the best
We do stupid things together
We don't care about
Many may come and go
But the best one stay
The ones who act crazy
Just to make your day!
They make you cry and laugh
They erase all your worries and fear
They may not be with you
In the in the days to come
But will always live in your heart
For a million to come…...

Malavika Syamchandran
8 B



# Truth is Beauty

I asked a question to my love
What’s the most beautiful thing on earth?

He said, “not joy, not love , but truth’’
I asked him why my love?
He said...

Truth is everything
The shadow behind anything
It creates friendship

Builds up realationship
It bring back unity

It is the prettiest
It is the star above,It is the happiness

It is the love
Truth is our duty
And that’s why truth why ‘Truth is Beauty’

AVANI PRAMOD
8B








SCIENCE

FEST









# അഭിനന്ദനങ്ങൾ



മിത്രക്കരിസെന്റ് സേവ്യേഴ്സ്
ഹൈസ്ക്കൂൾ പത്താം ക്ലാസ്
വിദ്യാർത്ഥി അർജ്ജുൻ അശോകൻ
സംസ്ഥാന സർക്കാരിന്റെ മികച്ച
വിദ്യാർത്ഥി കർഷകൻ
അവാർഡിനും ഉജ്ജ്വല ബാല്യം
അവാർഡിനും അർഹനായി.
സംസ്ഥാനത്തെ മികച്ച കുട്ടി കർഷകന്
ലോക്കൽ മാനേജർ



ഫാ.ദമിയാനോസ് കോച്ചേരിയുടേയും
ഹെഡ്മിസ്ട്രസ്
ഷീന പോൾ ടീച്ചറിന്റെയും
എല്ലാ അദ്ധ്യാപകരുടെയും
പിടിഎ എക്സിക്യൂട്ടീവിന്റെയും
അഭിനന്ദനങ്ങൾ . അർജ്ജുൻ കുട്ടനാട്ടിലെ മികച്ച കൃഷി ശാസ്ത്രജ്ഞനായി ഉയർന്നു വരട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.



JUNIOR JEWEL

CONGRATULATIONS
BODHISURI

# Environment



All living things that live on this earth comes under the environment. Whether they live on land or water they are part of the environment. The environment also includes air, water, sunlight, plants, animals, etc.
Moreover, the earth is considered the only planet in the universe that supports life. The environment can be understood as a blanket that keeps life on the planet sage and sound
Importance of Environment We truly cannot understand the real worth of the environment. But we can estimate some of its importance that can help us understand its importance. It plays a vital role in keeping living things healthy in the environment.
Likewise, it maintains the ecological balance that will keep check of life on earth. It provides food, shelter, air, and fulfills all the human needs whether big or small.
Moreover, the entire life support of humans depends wholly on the environmental factors. In addition, it also helps in maintaining various life cycles on earth.
Most importantly, our environment is the source of natural beauty and is necessary for maintaining physical and mental health.
The environment gives us countless benefits that we can't repay our entire life. As they are connected with the forest, trees, animals, water, and air. The forest and trees filter the air and absorb harmful gases. Plants purify water, reduce the chances of flood maintain natural balance and many others.
Moreover, the environment keeps a close check on the environment and its functioning, It regulates the vital systems that are essential for the ecosystem. Besides, it maintains the culture and quality of life on earth.
The environment regulates various natural cycles that happen daily. These cycles help in maintaining the natural balance between living things and the environment. Disturbance of these things can ultimately affect the life cycle of humans and other living beings.
The environment has helped us and other living beings to flourish and grow from thousands of years. The environment provides us fertile land, water, air, livestock and many essential things for survival.
Cause of Environmental Degradation
Human activities are the major cause of environmental degradation because most of the activities humans do harm the environment in some way. The activities of humans that causes environmental degradation is pollution, defective environmental policies, chemicals, greenhouse gases, global warming, ozone depletion, etc.
All these affect the environment badly. Besides, these the overuse of natural resources will create a situation in the future there will be no resources for consumption. And the most basic necessity of living air will get so polluted that humans have to use bottled oxygen for breathing.

AISWARYALAL
9 B



# എത്ര സുന്ദരംഎന്റെ മലയാളം

എത്ര സുന്ദരംഎത്ര സുന്ദരം
എന്റെ മലയാളം
മുത്ത് പവിഴങ്ങൾ കൊരുത്തൊരു
പൊന്നു നൂൽ പോലെ
മണ്ണിൽ വീണു കുരുത്ത നെൻമണി
വിത്ത് മുളപൊട്ടി
മന്ദമാരുതൻ വീശിടുമ്പോൾ എത്രയീരടികൾ
മണ്ണിൽവേർപ്പ് വിതച്ചവർ തൻ
ഈണമായി വന്നു അന്ന്പാടിയ
പാട്ടിലൂഞ്ഞാലാടി മലയാളം
കൊഞ്ചലും കിളിമൊഴികളും പോയ്
കഥകൾ പലതോതി
നെഞ്ചണഞ്ഞൊരു ഗുരു വളർത്തിയ
കിളിമകൾ പാടി
ദേവ ദൈത്യ മനുഷ്യവർഗ മഹാ ചരിത്രങ്ങൾ
തേൻ കിനിയും വാക്കിലോതി
വളർന്നു മലയാളം
എത്ര സുന്ദരംഎത്ര സുന്ദരം എന്റെ മലയാളം
മുത്ത് പവിഴങ്ങൾ കൊരുത്തൊരു
പൊന്നു നൂൽ പോലെ

Leena Philip
VIII B

# പുസ്തകാസ്വാദനം



പുസ്തകത്തിന്റെ പേര്- ആടുജീവിതം
എഴുത്തുകാരൻ- ബെന്യാമിൻ
ബുക്ക് പ്രസിദ്ധീകരിച്ചത്- ഗ്രീൻ ബുക്സ്
വില235

അക്സാ സിബിച്ചൻ
9B

ഞാൻ വായിച്ച പുസ്തകങ്ങളിൽ എന്നെ ഏറ്റവുമധികം സ്വാധീനിച്ച ഒന്നാണ് ബെന്യാമിന്റെ 'ആടു ജീവിതം'. പത്തനംതിട്ട ജില്ലയിലെ കുളനട സ്വദേശിയായ യുവ എഴുത്തുകാരനാണ് ബെന്യാമിൻ. പ്രവാസ ജീവിതത്തിൽ നജീബ് എന്ന യുവാവ് അനുഭവിച്ച യഥാർത്ഥ യാതനകളെയാണ് ബെന്യാമിൻ ആവിഷ്കരിച്ചിരിക്കുന്നത്. ഈ നോവലാണ് ബെന്യാമിൻ എന്ന യുവ എഴുത്തുകാരനെ പ്രശസ്തനാക്കിയത്. നജീബ് എന്ന യുവാവ് അനുഭവിച്ച യഥാർത്ഥ ജീവിത അനുഭവങ്ങൾ ആണ് ഇതെന്ന് ഒരു മനുഷ്യനും വിശ്വസിക്കാൻ കഴിയില്ല. ഭാഗ്യവാന്മാർ എന്ന് നാം കരുതാറുള്ള പ്രവാസികൾ അനുഭവിക്കുന്ന തീരാദുഃഖങ്ങളും നാടും വീടും ഉപേക്ഷിച്ച് ആ ചുട്ടുപൊള്ളുന്ന മരുഭൂമിയിൽ വിയർപ്പൊഴുക്കി അവർക്ക് മിച്ചംവരുന്നതും എത്രമാത്രമാണെന്ന് നമുക്ക് ഈ നോവലിൽ കാണാൻ കഴിയുന്നു.

നാട്ടിൽ വെറുമൊരു മണൽവാരൽ കൊണ്ട് ജീവിച്ചിരുന്ന നജീബ് ജീവിതത്തിലെ ബുദ്ധിമുട്ടുകൾ അറിയാൻ തുടങ്ങിയപ്പോൾ ഗൾഫിലേക്ക് തിരിച്ചത് ഒരുപാട് സ്വപ്നങ്ങളോടെയായിരുന്നു. വൃദ്ധയായ ഉമ്മയേയും ഗർഭിണിയായ ഭാര്യയേയും ഉപേക്ഷിച്ച് ഗൾഫ് എന്ന സ്വപ്നഭൂമിയിലേക്ക് അവനോടൊപ്പം ഉണ്ടായിരുന്നത് ഹക്കീം എന്ന കൗമാരപ്രായക്കാരൻ ആയിരുന്നു. ജീവിത പ്രാരാബ്ധങ്ങൾ അറിയാത്ത ഹക്കീമിന്റെ മേൽനോട്ടവും നജീബിനായിരുന്നു.

അങ്ങനെ അവർ യാത്ര തിരിച്ച് സ്വന്തം വീടും പിറന്ന നാടും ഉപേക്ഷിച്ച് ഗൾഫ് എന്ന സ്വപ്നഭൂമിയിലേക്ക് ബോംബെ വഴി ഗൾഫ് എയർപോർട്ടിൽ ചെന്നിറങ്ങി. ഇനി മുതൽ തങ്ങളുടെ മേൽ അധികാരം വഹിക്കുന്ന അർബബ് അഥവാ അവിടുത്തെ അറബിയെയും കാത്ത് അവിടെ നിന്നു. തങ്ങൾക്ക് വന്നു ചേരാനിരിക്കുന്ന കമ്പനിയെയും അവിടുത്തെ സുഖസൗകര്യങ്ങളെയും സ്വപ്നം കണ്ടുകൊണ്ടുള്ള ആ കാത്തുനിൽപ്പിന് വല്ലാത്ത ഒരു സുഖമായിരുന്നു.



# എന്റെ ഗ്രാമം

സുന്ദര സുരഭില കാന്തി വിടർത്തും
എന്നുടെ കൊച്ചു ഗ്രാമം
അതിൽ പച്ചപ്പു തൂകുന്ന നെൽപ്പാടങ്ങൾ
കതിരുകൾ വീശുന്ന നെൽപ്പാടത്തിൽ
കിലുകിലെപക്ഷികളെത്തീടുന്നു.
നിറഞ്ഞൊഴുകുന്ന പുഴകളുമരുവിയും
എത്ര മനോഹരം എന്നുടെ ഗ്രാമം
ഈ കൊച്ചു സുന്ദര ഗ്രാമം
നിങ്ങൾക്ക് കാണണോ എന്നുടെ ഗ്രാമം
ഒരു സുന്ദര ഗ്രാമം ഒരു കൊച്ചു ഗ്രാമം

ക്രിസ്റ്റീന ഫിലിപ്പ്
10 B

# സ്വാതന്ത്ര്യം
# എന്ന അമൃതം

ഒരാൾ ഒരു സ്വർണ മത്സ്യത്തെ വളർത്തിയിരുന്നു. അതിന്റെ ചലനങ്ങളും വർണ്ണപ്പകിട്ടും അയാളെ രസിപ്പിച്ചു മുഴുവൻ മണിക്കൂറുകളും അയാൾ ആ മത്സ്യത്തെ നോക്കി ചെലവഴിച്ചു. സ്വർണ്ണ മത്സ്യത്തിന് എല്ലാമുണ്ടായിരുന്നു. നല്ല പളുങ്കുപാത്രമാണ് വീട്. കുളിർമയുള്ള ജലം ധാരാളം തീറ്റ. ഇതിൽ പരം ഒരു മീന് എന്തു വേണം. സ്വർണമത്സ്യം ഇണങ്ങിയെന്നും അതിന് പരിസരം വളരെ ഇഷ്ടപ്പെട്ടെന്നും അയാൾ വിചാരിച്ചു .തിരിച്ച് ആറ്റിൽ കൊണ്ടുപോയി വിട്ടാലും അത് പോവുകയില്ല എന്നാണ് അയാൾ വിചാരിച്ചത് . ഒരു ദിവസം അയാൾ സ്വർണ്ണ മത്സ്യം ഇരുന്ന പാത്രവും എടുത്ത് അടുത്തുള്ള പുഴയിലേക്ക് പോയി. സ്പടികപാത്രം വെള്ളത്തിലാഴ്ത്തി. പുഴവെള്ളത്തിന്റെ സ്വാതന്ത്ര്യത്തിന്റെ സ്വാദ് നിറഞ്ഞ മത്സ്യം പുഴയുടെ ആഴങ്ങളിലേക്ക് നീന്തി പോകുന്നതാണ് അയാൾ കണ്ടത്. വളരെ പ്രലോഭിപ്പിച്ചിട്ടും സ്വർണ്ണമത്സ്യം തിരിച്ചുവന്നില്ല . സ്വർണ്ണ മത്സ്യത്തിന് എന്തിന്റെ കുറവായിരുന്നു അയാൾ ഓർത്തു." സ്വാതന്ത്ര്യം " മനസ്സിൽ ഏതോ സ്വരം മന്ത്രിച്ചു . അതെ എല്ലാം ഉണ്ടായിരുന്നു പക്ഷെ സ്വാതന്ത്ര്യം ഇല്ലായിരുന്നു . സ്വാതന്ത്ര്യമാണ് എല്ലാത്തിലും വലുത്. കവി വാക്യം അയാളുടെ ഓർമ്മയിൽ ഓടിയെത്തി . **"ബന്ധുരക്കാഞ്ചന കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനം തന്നെ പാരിൽ "**

റിയ ബെന്നി
8B

# ഓർമക്കുറിപ്പ്

ഈ ഭൂമിയിൽ പിറന്നുവീഴുന്ന
ഓരോ കുഞ്ഞും വളർന്നുവരുന്നത്
അമ്മയെ ഭക്ഷിച്ചാണ്
കുഞ്ഞിന്റെ ആദ്യ ഭക്ഷണം
അമ്മയാണ് പിറന്നശേഷവും
കുറെ ക്കാലം അമ്മയാണ്
കുഞ്ഞിന്റെ
ആഹാരം .നിസ്വാർത്ഥസ്നേഹമാ
കുന്ന വെൺമ തന്റെ
രക്തത്തിൽ ചാലിച്ച്
വെളുത്തപാലാക്കി അമ്മ
കുഞ്ഞിന് നൽകുന്നു.
ഇതുപോലെയാണ്
അധ്യാപകരും. തങ്ങളുടെ
സ്നേഹവും കരുതലും മുഴുവൻ
ശാസനകളായി അവർ
കുട്ടികൾക്ക് പകർന്നു
നൽകുന്നു.ക്രൈസ്തവ
വിദ്യാഭ്യാസം എന്ന
തിരിച്ചറിവിലൂടെ
കൊച്ചുകുട്ടികളായ ഞങ്ങൾക്ക്
ഞങ്ങളുടെ ബുദ്ധിക്കു ദഹിക്കുന്ന
രീതിയിൽ ഒത്തിരി മൂല്യങ്ങൾ
ഞങ്ങളുടെ പ്രിയപ്പെട്ട
അധ്യാപകരായ മീറടീച്ചറും
വിനീതാമ്മയും ഞങ്ങൾക്ക്
പകർന്നു തന്നു.
ബോധവൽക്കരണത്തിലൂടെ
ശിക്ഷണങ്ങൾക്ക് മുൻതൂക്കം
നൽകി സ്നേഹത്തോടെ ഞങ്ങളെ
നയിച്ച ഞങ്ങളുടെ പ്രിയപ്പെട്ട
അധ്യാപകരായ ഇവർ
രണ്ടുപേരും ഇവിടെ നിന്നും
പിരിഞ്ഞു പോകുമ്പോൾ
ഞങ്ങൾക്ക് വലിയ നഷ്ടം
തന്നെയാണ്. ഓരോ കുട്ടിയെയും
പേരെടുത്ത് വിളിച്ചു
ചേർത്തുനിർത്തുന്ന സ്നേഹവും
കരുതലും ഇവർ ഞങ്ങളോട്
കാണിച്ചു.പ്രകൃതിസ്നേഹിയായ
വിനീതാമ്മ സ്ക്കൂൾ അങ്കണം
ചെടികൾ വെച്ചുപിടിപ്പിച്ച്
മനോഹരമാക്കുന്നതിൽ എന്നും
ശ്രദ്ധ പതിപ്പിച്ചിരുന്നു.
പ്രകൃതിയെ സ്നേഹിക്കാൻ
ഞങ്ങളെ ഓരോരുത്തരെയും
പഠിപ്പിച്ച , പേര് പോലെ തന്നെ
വിനയ ശീലമുള്ള ഒരു
അമ്മയായിരുന്നു സിസ്റ്റർ
ഞങ്ങൾക്ക്. സ്വന്തം
നിസ്സാരതകൾക്കൊപ്പം
മഹത്വത്തെ തിരിച്ചറിയുവാൻ
ഇവർ ഞങ്ങളെ പഠിപ്പിച്ചു.
പഠനത്തിനപ്പുറമുള്ള ജീവിത
യാഥാർത്ഥ്യങ്ങൾ കുഞ്ഞുങ്ങൾക്കു
പറഞ്ഞു കൊടുത്തു.പ്രായത്തെ
വെല്ലുന്ന ഊർജ്ജ സ്വലതയോടെ
തന്റെ കർത്തവ്യങ്ങൾ
കൃത്യനിഷ്ഠയോടെ നിർവഹിച്ച
തന്റെ വിദ്യാലയത്തെ
അകമഴിഞ്ഞു സ്നേഹിച്ച നല്ലൊരു
അമ്മ യായിരുന്നു മീറ ടീച്ചർ.
ആത്മബന്ധങ്ങളെ മൂലധനം
ആക്കി വ്യാപരിക്കുന്ന
ഉത്തമരായ അധ്യാപകരാണ്
ഇവർ രണ്ടുപേരും..

ഇവർ രണ്ടു പേരെയും മിത്രക്കരി സ്ക്കൂളിന് നൽകിയ ദൈവത്തിനു നമുക്കു നന്ദി പറയാം .ഞങ്ങളുടെ പ്രിയപ്പെട്ട ടീച്ചർമാർക്ക് രണ്ടുപേർക്കും ആയുരാരോഗ്യങ്ങൾ നേരുന്നതോടൊപ്പം പ്രാർത്ഥനകളും ആശംസിക്കുന്നു. തിരക്കുകളിൽ നിന്നെല്ലാം ഒഴിഞ്ഞ് ഒരു നല്ല ജീവിതം നയിക്കുവാൻ ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## യാത്രാമംഗളങ്ങൾ

## പ്രാർത്ഥനാശംസകൾ







# മൊബൈൽ ഫോൺ
## ഇന്നത്തെ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ

ഇന്ന് മൊബൈൽ ഫോൺ ഇല്ലാത്തവർ ചുരുക്കം ആയിരിക്കും. പകുതി ശതമാനം ആളുകളും ഇതിന്റെ നല്ല വശമല്ല ഉപയോഗിക്കുന്നത്. ലോകത്തുള്ള വിജ്ഞാനങ്ങൾ നമ്മളുടെ വിരൽത്തുമ്പിൽ എത്താൻ സഹായിക്കുന്ന അറിവിന്റെ ഒരു ജാലകം കൂടിയാണ് മൊബൈൽ ഫോൺ. ഈ മനസ്സോടുകൂടി മൊബൈൽ ഫോൺ നോക്കാറുള്ള എത്ര പേരുണ്ട് ഇന്ന് നമ്മുടെ സമൂഹത്തിൽ .വളരെ ചുരുക്കം.പലരും ഇതിന്റെ ദൂഷ്യ വശങ്ങളിൽ വീണു പോകുന്നു. മൊബൈൽ ഫോണി ന്റെ ദുരുപയോഗം കാരണം അലസതയുടെയും മടിയുടെയും ഇരുട്ടിലേക്ക് പലരും കൂപ്പ്കുത്തുന്നു.. ഇതിൽ ഭൂരിഭാഗവും നമ്മുടെ പുതു തലമുറ തന്നെ ആണ് എന്നതാണ് ദുഃഖകരമായ സത്യം. പ്രത്യേകിച്ച് വിദ്യാർത്ഥികൾ. മൊബൈൽ ഫോണിന്റെ ദുരുപയോഗം പല ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നു. ഇത് നമ്മൾ തന്നെ മാറ്റേണ്ടിയിരിക്കുന്നു മൊബൈൽ ഫോണിന്റെ ദൂഷ്യവശത്തിൽ അകപ്പെടാതെ,അലസതയുടെ മടിയുടെയും അന്ധകാരത്തിൽ പെടാതെ പുതിയ പ്രകാശം നിറഞ്ഞ ഒരു ഭാവിയിലേക്ക് നമുക്ക് കാലെടുത്തു വയ്ക്കാം. അതിന് ഇന്നു തന്നെ നമുക്ക് പ്രയത്നം തുടങ്ങാം

അദ്വൈത് എസ്

8B



# Memories

Like the pages of book,
Like the petals of a flower,
Like the fresh flowing water
Are my memories

People paint in my life
Some give colours of love
Some leaves it unfinished

These paintings I cherish
As my memories forever
Time might change our looks
Time might change our priorities
But what it cannot change
Are my memories
Safe in my heart.....

JIYA BABU
9B

# മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ഇന്നിന്റെ ആവശ്യം

പ്രാചീന ഭാരതം
മഹർഷിമാരുടെയും
പുണ്യാത്മാക്കളുടെയും
നാടായിരുന്നു. അവരുടെ
തപശക്തിയിൽ നിന്നും
ആർജ്ജിച്ചെടുത്ത പാരമ്പര്യമാണ്
ആർഷ ഭാരത സംസ്കാരം.
ആത്മീയത ,ലാളിത്യം ,
സഹിഷ്ണുത , സത്യം , ധർമ്മം ,
സ്നേഹം , അഹിംസ തുടങ്ങിയ
മൂല്യങ്ങളുടെ വിളനിലം
ആയിരുന്നു നമ്മുടെ പൂർവ്വികർ .
എന്നാൽ ശാസ്ത്ര സാങ്കേതിക
വിദ്യകൾ അനു നിമിഷം
വളർന്നു കൊണ്ടിരിക്കുന്ന ഈ
കാലഘട്ടത്തിൽ നാം
പിന്തുടരേണ്ട ഈ മൂല്യങ്ങൾ
കൈമോശം വന്നു
പോയിരിക്കുന്നു എന്നതിൽ
സംശയമില്ല.

മയക്കുമരുന്ന് , മദ്യപാനം ,
അഴിമതി , വർഗീയത , ലിംഗ
വിവേചനം ,
അസമാധാനം ,ദാരിദ്ര്യം ,
കുറ്റകൃത്യങ്ങൾ തുടങ്ങിയവയെല്ലാം
ഇന്ന് ലോകം
നേരിട്ടുകൊണ്ടിരിക്കുന്നു .
വിവേചനാ ബുദ്ധിയോടെ
ജാഗ്രതയോടെ കൈകാര്യം
ചെയ്തില്ലെങ്കിൽ ഇവയെല്ലാം
സമൂഹത്തിൽ അപകടകരമായ
അനന്തരഫലങ്ങൾ സൃഷ്ടിക്കും
എന്നതിന് യാതൊരു
സംശയവുമില്ല . മാറ്റങ്ങളെ
ഉൾക്കൊള്ളാനും അവയിൽ
നിന്നും നേട്ടങ്ങൾ ഉണ്ടാക്കുവാനും
വിദ്യാഭ്യാസത്തിലൂടെ
കഴിയേണ്ടതുണ്ടല്ലോ . ഇന്ന്
സമൂഹത്തെ കാർന്നു തിന്നുന്ന
മുഖ്യമായ ഒന്നാണ്
ഉപഭോഗ സംസ്കാരം .

സ്വന്തം സുഖസൗകര്യങ്ങൾക്കു
വേണ്ടി ഏത് ഹീന പ്രവർത്തിയും
ചെയ്യുവാൻ മടി കാണിക്കാത്ത
ഒരു സമൂഹമാണ് ഇന്നത്തെ
ലോകത്തിന്റെ തന്നെ
ശാപം .സ്വാർത്ഥതയുടെ ആൾ
രൂപങ്ങളായി മാറുന്നു ഓരോ
വ്യക്തിയും . അണു കുടുംബ
വ്യവസ്ഥയും സാമൂഹിക
ചുറ്റുപാടുകളും വ്യക്തികളെ
ചെറിയ ദ്വീപുകൾ ആക്കി
മാറ്റുന്നു . മൊബൈൽ
ഫോണുകളും ഇൻററർനെറ്റുകളും
ദുരുപയോഗം ചെയ്യപ്പെടുമ്പോൾ
ആത്മഹത്യകളും പീഡനങ്ങളും
തലപൊക്കുന്നു .

ചെറുപ്പക്കാരും
കൗമാരപ്രായക്കാരും
മൊബൈലുകൾ
ആവശ്യങ്ങളെക്കാൾ
അധികമായി ആഡംബരത്തിനും
വിനോദത്തിനും ഉള്ള ഉപാധികൾ
ആക്കി മാറ്റുന്നു .അശ്ലീല
ചിത്രങ്ങളുടെയും മറ്റും മാസ്മരിക
ലഹരിയിൽ യുവതലമുറ
മുങ്ങിപ്പോകുന്നു.മൂല്യാധിഷ്ഠിത
വിദ്യാഭ്യാസത്തിന് മാത്രമേ
വ്യക്തിഗതവും സാമൂഹികവുമായ
ക്ഷേമം ഉറപ്പുവരുത്താൻ ആവൂ.
നല്ല നാളെകൾക്കായി ധാർമിക
മൂല്യങ്ങളെ
പരിപോഷിപ്പിക്കുന്നവരായി
ധാർമിക മൂല്യങ്ങൾക്ക് സ്ഥാനം
കൊടുക്കുന്നവരായി നമുക്ക് മാറാം.

ANAMIKA JOJI
10 B



## വസുന്ധര

വെള്ളാരം കല്ലുകളാൽ കൊത്തി
അടുക്കിയതിരാർന്ന
സൂര്യതേജസ്സാർന്ന ആകാശ
നീലിമ ചാലിച്ച കണ്ണുകൾ

റോസാപ്പൂ ഇതളുകളാൽ
ചാലിച്ചു തേച്ചതായ്
തോന്നിയ മൃദുവാർന്ന
പനിനീർ അധരങ്ങൾ

മാരുതൻ തൻ ചുംബനമേറ്റു
തുടുത്ത കവിൾ തടങ്ങൾ
നന്നെ ചുവന്നു
ഫലങ്ങളാൽ കണ്ടു

നേർത്ത കാർമേഘ നിറങ്ങളാൽ
ചായം ചാലിച്ച
നീണ്ട നറുനിരയായ് ജലത്തി-
ലുരുമിയ കാർക്കൂന്തൽ

ഫലവൃക്ഷ ജാതികൾ കാതിപ്പൂ-
വെന്നോണം അണിഞ്ഞു
സുന്ദരിയാം വസുന്ധര
നനഞ്ഞു നിൽപ്പൂ,

പച്ചപ്പട്ടിനാൽ പുതച്ചു
മൃദുമന്ദഹാസം ചൂടി
ജ്വാലാമുഖികളെ കൈയിലേന്തി
ലോകം മുഴുവൻ മാറിലേന്തി
സുന്ദരിയാം
വസുന്ധര നിൽപ്പൂ

Bhama S
10B



## പുഴയുടെ നാദം

കളകളമൊഴുകുന്നൊരു വാരിധിയേ
നിന്നുടെ സ്വര ശ്രുതി എന്തു ഭംഗി
ആരു നീ എങ്ങു നീ ഓതിടാമോ
നിന്നരികിൽ ഞാൻ ചേർന്നിരിപ്പൂ
അകലെയെവിടെയോ നിന്റെ താളം
എന്നുടെ കാതുകൾ കേട്ടിരിപ്പൂ
നിന്നുടെ മാറിൽ
ചാഞ്ഞിരിപ്പൂ
നിന്നുടെ ക്രൂടെ ഞാൻ വന്നിടാമേ
നിന്നുടെ ചാരേ ഞാൻ ശയിപ്പൂ

അലോണ 9B

# School Day Celebrations













# MATHEMATICS IN NATURE

## INTRODUCTION

Mathematics is all around us. As we discover more and more about our environment and our surroundings , we see that nature can be described mathematically. Mathematics is seen in many beautiful patterns in nature , such as in symmetry and spiral. Both are aesthetically appealing and proportional. Symmetry can be radial , where the lines of symmetry intersect a central point. The beauty of a flower , the majesty of a tree , even the rocks upon which we talk can exhibit natures sense of symmetry.

## FIBONACCI SEQUENCE

A series where each number is the sum of the two preceeding ones (0,1,1,2,3,5,8,13) found in sunflower seed spiral pine cone scales. Patterns in sunflower seeds follow the Fibonacci sequence , optimizing seeds arrangement. The arrangement growth of pineapple eyes follows a Fibonacci spiral pattern for also.

## GOLDEN RATIO

A mathematical constant (approximately 1.618) that appears in shell spirals and the proportions of various natural objects.

## FRACTAL PATTERNS

Self – similar , repeating geometric shapes found in tree branches , clouds and coastlines. Also in the development of plants and ferns, featuring self replicating shapes known as fractal growth - mountain ranges exhibit self – similar pattern in their tropography and lanscape known as Fractal geometry at mountains.

## SYMMETRY

Many animals exhibit bilateral symmetry with balanced left and right side. Symmetry breaking occurs in crystal formation , where perfect symmetry is disrupted . Regular repeating patterns in crystals crucial in understanding their properties. The symmetrical pattern on butterfly wings contribute to their camouflage and beauty.

## PASCAL'S TRIANGLE

A triangulalar array of number that describes co efficients in binomial expansions.

## SPIRAL PATTERNS

Seen in shell hurricones and galaxies following a spiral shape Logarthnic . Spirals is the spirals seen in shells and hurricones, the curves grow outward while maintaining a constant angle.

PHYLLOTAXIES

The mathematical arrangement of leaves on a stem for optimal exposure to sunlight.

HEXAGONAL PACKING

The efficient arrangement of hexagonal cells in honey combs and close - packing of spheres. Behive geometry is the hexagonal cells in behives maximise storage space.

Bees construct hexagonal cells for efficient storage and heat retention is known as Honey comb optimization.

TAYLOR SERIES

A method for approximating functions using infinite series widely used physics and engineering.

KEPLER'S LAW

Describe the motion of celestial bodies essential for understanding planning orbits.



ANAMIKA JAIMON
8B

# ഫൈവ് .സീറോ



മാനവലോകത്തെ ഗുരുതരമായ പ്രതിസന്ധിയിലാഴ്ത്തിയ, മറ്റൊരുതരത്തിൽ പറഞ്ഞാൽ, ലോകത്തെ ഇരുട്ടിലാഴ്ത്തിയ സമാനതകളില്ലാത്ത ഒന്നായിരുന്നു കോവിഡ് മഹാമാരി. മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളെയും തകർത്തുതരിപ്പണമാക്കാൻ കഴിവുള്ള നഗ്നനേത്രങ്ങൾക്കു ഗോചരമല്ലാത്ത ഒരു അതിസൂക്ഷ്മാണുവായിരുന്നു ഇതിന്റെ പിന്നിൽ.

രാഷ്ട്രനേതാക്കൾ, ശാസ്ത്രസാങ്കേതിക വൈദ്യമേഖലകളിൽ ഉള്ള വിദഗ്ധരോട് ഈ മഹാദുരന്തത്തിന് പരിഹാരം കണ്ടെത്താൻ ആവശ്യപ്പെട്ടു.

പരിഹാരാന്വേഷണം നീണ്ടുനീണ്ടു പോയപ്പോൾ അപരിഹാര്യമായതിനെതിരെ പോരാടാൻ ചാരത്തിൽ നിന്നും പറന്നുയരുന്ന ഫീനിക്സ് പക്ഷിയുടെ അതേ സ്വഭാവഗുണമുള്ള മാനവകുലം വിപണികളും വിദ്യാലയങ്ങളും പാർപ്പിടങ്ങളായിമാറിയ വിദ്യാലയങ്ങൾ........

ഈ ദുരന്തത്തെ നേരിടുന്നതിന് ശാസ്ത്ര സാങ്കേതിക ലോകം സജീവമായി. Digital marketing ഉം virtual classroomകളും പൂർണ്ണയഥാർഥ്യമായി.

വീട്ടിലിരുന്നകൊണ്ട് കച്ചവടം പൊടി പൊടിക്കാൻ വ്യാപാരികൾക്കും വ്യവസായികൾക്കും digital marketingലൂടെ സാധിച്ചു.

Googlemeet, Teachment, Webex, Zoom എന്നിങ്ങനെ അന്നു വരെ സാധാരണക്കാർക്കും പരിചിതമായിരുന്ന online platform online വിദ്യാഭ്യാസ രംഗത്തെ സജീവമാക്കി.

കുട്ടികൾ വീട്ടിൽ മാതാപിതാക്കളുടെ മടിയിലിരുന്ന് ക്ലാസ് റൂമുകളിൽ നിന്നു ലഭിക്കുന്ന വിജ്ഞാനം ആവോളം നേടിയെടുത്തു. ഇതിനിടയിൽ വാക്സിനുകൾ തീർത്ത പ്രതിരോധവലയം covid മഹാമാരിയിൽ നിന്ന്

മാനവകുലത്തെ മോചിപ്പിച്ചു.
സ്കൂളുകൾ തുറന്നു, കുട്ടികളും അധ്യാപകരും സ്കൂളിലെത്തി. കോവിഡാനന്തരലോകത്തെ വിദ്യാർത്ഥികൾ കോവിഡ് പൂർവ്വകാലത്തെ വിദ്യാർത്ഥികളിൽ നിന്നും തുലോം വിഭിന്നരായിരുന്നു.

ഈ പ്രതിസന്ധിയിൽ നിന്ന് വിദ്യാഭ്യാസ മേഖല കരകയറികൊണ്ടിരിക്കുന്നു എന്നുള്ളത് പ്രത്യാശക്കിടനൽകുന്നു.

Molamma Thomas
Senior teacher

# പ്രവേശനോത്സവം 2023 -2024







# സംസ്ഥാന തല ജേതാക്കൾക്ക് അഭിനന്ദനങ്ങൾ






KCSL

സ്റ്റഡി സർക്കിൾ

First A Grade



ചവിട്ടു നാടകം A Grade

# ANNIVERSARY & SEND OFF EVENTS









# ഡയമണ്ട് ജൂബിലി
# വിളംബര ജാഥയും ഉദ്ഘാടനവും









# TEACHING & NONTEACHING STAFF



# OUR SSLC BATCH

St.Xavier's High School, Mithrakary
Standard : X-A 2023-2024



St.Xavier's High School, Mithrakary
Standard : X-B 2023-2024




# FOOD FEST











# DIAMOND JUBILEE CELEBRATIONS










# DISTRICT WINNERS HS



Adwaith s
ChalkMaking



Nanditha C
Number Chart



Vishnu Vineesh
Electrical Wiring




Kolkali A Grade

# UP SECTION WINNERS
















































SSLC Batch

Tour @

Kodaikanal

# Class Photos



CLASS 5



CLASS 6



CLASS 7

# CLASS PHOTOS



CLASS 8 A



CLASS 8 B








CLASS 9 A



CLASS 9 B




Akshith 10 B




Keerthik 8A



Nandana Abhilash
9B



Pranav PK
8A



Abhishek A
8A

# Thank you

# Thank you